സംഗതിയിൽ ഗവൺമെൻറ അത്രമാത്രം ശ്രദ്ധിക്കുന്നില്ലെന്നുള്ളതാണ് ഞങ്ങളുടെ അറിവും അനുഭവവും. ഉദ്യോഗങ്ങളുടെ വിലയിടിവ് ഒരു വിധം ഭേദപ്പെട്ടിട്ടുണ്ടെന്ന് അദ്ദേഹം പറയുന്നതു ശരിയാണെന്നു വാദാ ത്തിനുവേണ്ടി ശരിവച്ചുകൊടുത്താലും അവയുടെ വിളവിലും കുറവു വ ളരെ വന്നിട്ടുണ്ടെന്നുള്ള പരമാർത്ഥം മറച്ചുവയ്ക്കാവുന്നതല്ല. ഞങ്ങൾ നി കുതികൊടുക്കാതിരുന്നാൽ വസൂക്കളെല്ലാം നാടുപ്പാട്ടത്തിൽ നിറുത്തുകയോ വില്ക്കുകയോ ചെയ്യുമെന്നുള്ള വിചാരംകൊണ്ടാണോ; അല്ലാതെ നിവൃത്തി യുണ്ടായിട്ടോ, സാമ്പത്തികസ്ഥിതി നന്നായിട്ടോ അല്ലാ ഞങ്ങൾ നികുതി കൊടുക്കുന്നതെന്നു അറിയാവുന്ന ഗവൺമെൻറ നികുതി ബാക്കിയില്ലാത്തതു കൊണ്ടു കുടികളുടെ ധനസ്ഥിതി ഭേദപ്പെട്ടിട്ടുണ്ടെന്ന് അഭിപ്രായപ്പെടുന്ന തു് അബദ്ധവും അക്രമവുമാണ്.

കൃഷിക്കാരെ സഹായിക്കുന്നതിനായി സർക്കാരിൽനിന്നു ധനവിതര ണം ചെയ്യുന്നുണ്ടെന്നും അതുകൊണ്ടും നികുതിയിളവിനാവശ്യമില്ലെന്നുമാ ണ് പിന്നത്തെ ന്യായവാദം. ആ പക്ഷം—അതാക്കാണിപ്പോൾ, എതു കണ്ടു് കിട്ടുമോ അതോ?—നികുതി പിടിക്കാനോ ഊണിനോ ഉടുപുട യ്ക്കോ ഉള്ളതല്ല. മുട്ടിക്കുടിയിരിക്കുന്ന കടബാദ്ധ്യത കൊടുത്തു കൈകഴുകുവാനാ ണ്. കടക്കാരൻ മാറിയെന്നല്ലാതെ അതുകൊണ്ടും നിവാരണമായില്ല. ഏതായാലും മോടിയ്ക്കുണ്ടതു് ഞങ്ങളുടെ കടമ. നിങ്ങൾക്കു താൻ മന സ്സുണ്ടെങ്കിൽ തരിക. സർക്കാരിൻറ മനസ്സിൻറെ വ്യാപാരങ്ങൾ ജനാവലി ക്കു വിജ്ഞേയമല്ലാ. ഏതു നിലയ്ക്കു നോക്കിയാലും ഈ പ്രമേയം വോട്ടി നിടണമെന്നതന്നെയാണ് ഞാൻ വിചാരിയ്ക്കുന്നതു്.

Resolution was put and carried.

5. Removal of the Night Soil Depot at Kaloor.

Mr. A. Narayana Menon:—"*This Council recommends to the Government that immediate steps be taken to remove the Night Soil Depot at Kaloor*".

ഞാൻ ഇതിനു മുമ്പു് അവതരിപ്പിച്ച പ്രമേയത്തെ സംബന്ധിച്ചു പറഞ്ഞ മാതിരി ഇതിനെ സംബന്ധിച്ചും ബഡ്ജറ്റു നിരൂപണപ്രസംഗ ത്തിൽ പറഞ്ഞും കഴിഞ്ഞിട്ടുണ്ടു്. വൈസ്രോയിൽ ഡിപ്പോ ഇപ്പോഴുള്ളസ്ഥലത്തുനിന്നും ഉടനെ നീക്കംചെയ്യണ്ടതാണു്.

ഇതിനു്, ആദ്യമുണ്ടായിരുന്ന സ്ഥലമായ പൊതുവായ കുഴികൾ കു ത്തി അതിൽ കൊണ്ടുവന്നു മൂടുകയായിരുന്നു. ഇനിയും അതിനു് ഭേദം വന്നിട്ടില്ല. അതു് ഇന്നും നടന്നുവരുന്നസ്ഥിതിയാണു്. ഇപ്പോൾ പ രിഷ്കൃതരീതിയിൽ ഇതു് മാറ്റു ചെയ്യുന്ന പല മാർഗ്ഗങ്ങളുമുണ്ടു്. ഈ

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പോ സ്ഥിതിചെയ്യുന്നിടത്തു് ജനങ്ങൾ വളരെ അധികം താമസിച്ചു വരുന്നതുകൊണ്ടും, അടുത്തുതന്നെ ഒരു സ്കൂളുള്ളതുകൊണ്ടും, ഒരു ചന്ത നടത്തിവരുന്നതുകൊണ്ടും ഷാപ്പുകളും മറ്റും സമീപത്തായതുകൊണ്ടും ദുർഗ്ഗന്ധംമൂലം ജനങ്ങൾ ഇപ്പോൾ വളരെ സങ്കടമനുഭവിച്ചു വരികയാണു ചെയ്യുന്നതു്. ഇതു് നാലുംകൂടിയ വഴിതൊട്ടാണു കിടക്കുന്നതു്. ഇതിനെ സംബന്ധിച്ചു് ഇതിനു മുമ്പു് അന്നത്തെ പള്ളുരുത്തി മെമ്പർ ഒരു കട്ടമോഷൻ കൊണ്ടുവരികയും അതു പാസാക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ടു്. എങ്കിലും ഇതുവരെ ഈ സംഗതിയിൽ യാതൊന്നും പ്രവൃത്തിച്ചു കാണുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലെ രോഗികളുടെ കണക്കെടുക്കുകയാണെങ്കിൽ കലൂരിലാണു് അധികം കാണുക എന്നു ബോദ്ധ്യപ്പെട്ടതം. മാത്രമല്ല അവിടെ തെങ്ങുകളുടെ അനുഭവവും വളരെ മോശമാകുന്നുണ്ടു്. ഇതിലേക്കുവേണ്ടി ഇൻഡോർ സ്കീം നടപ്പാക്കുവാൻ പോകുന്നുണ്ടെന്നോ മറ്റോ അറിയുന്നു. അതു് ഇപ്പോൾ തിരുവിതാംകൂറിൽ നടപ്പിൽ വരുത്തി വളരെ ഗുണമുള്ളതാണെന്നു കണ്ടു കഴിഞ്ഞിട്ടുണ്ടു്. അതുപോലെ ഇവിടെയും വേണ്ട വിധത്തിൽ ചെയ്യേണ്ടതാണു്.

ഇൻഡോർ സ്കീം സ്വീകരിച്ചാൽ നൈറ്റുസായിലിൽനിന്നു് ചുരുങ്ങിയ ചിലവിൽ വളമുണ്ടാക്കാൻ സാധിക്കും. അതു് വ്യാപരിച്ചാൽ വളരെ ലാഭം കിട്ടും. അതു മുനിസിപ്പാലിറ്റിയിൽനിന്നല്ലാതെ ഗവൺമെൻറു ചെയ്യുകയാണെന്നുവരികിൽ മുനിസിപ്പാലിറ്റിക്കു വളരെ നഷ്ടമുണ്ടാകുന്നതാണു് എന്നു് മുൻസിപ്പാലിറ്റി അറിഞ്ഞാൽ നന്നു്. ജനങ്ങൾ ധാരാളം താമസിച്ചുവരുന്ന ഒരു സ്ഥലത്തു് അവരെ ഈ ഒരു സങ്കടത്തിൽനിന്നും രക്ഷിക്കേണ്ടതു് ഗവൺമെൻറിന്റെ കടമയാണു് എന്നേ എനിക്കു് ഇപ്പോൾ പറയുവാനുള്ളു.

ഇതുയും പറഞ്ഞുകൊണ്ടു് ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. Popatlal Goverdhan Lalan:—I second it.

Mr. M. Sivarama Menon:— Sir, this is a matter which is agitating the public minds for a long time and there have been loud complaints with regard to the location of the night soil depot at Kalur. Naturally the Municipality's attention has also been directed to this question, as to how best it can abate the nuisance. One difficulty which confronts it is that as long as men and towns exist some proper method of disposal has to be found out. We have been in touch with the Government also in this matter. The Director of Public Health has been kind enough to suggest a method and that is to burn away the whole thing. For that purpose an estimate was also prepared. Unfortunately regard being had to the heavy rains that

LIBRARY ARCHIVES Kerala Legislative Assembly

we get for at least 5 or 6 months of the year it was found that the incinerators do not work here. Now Government have brought to the notice of the Municipal Council that there is a certain method called the Indore method by which the whole thing can be done satisfactorily with absolutely no nuisance to any of the neighbours. The Director of Public Health is trying that method in Trippunithura and we have deputed one of our Sanitary Inspectors to go and study the process. There are representations from the other Municipalities also. As a matter of fact if the method is proved very successful, we shall be the first to move in the matter. The Municipality has been quite alive to this question. It may not be out of place to mention here that unless and until a practical method is found out it may not be possible to solve this question eternally. We hope that this Indore method would prove very successful. I assure the Hon'ble Members that the Municipal Council is very anxious on this point.

Mr. P. Raman Menon:—What is this method ? Is it 'indoor' or 'Indore' method ?

Mr. M. Sivarama Menon:—It is Indore method, that is, mixing certain things with this night soil which will take away the smell.

മിസ്റ്റർ കെ. എസ്സ്. പണിക്കർ:—കളമശ്ശേരിൽ അധികൃതകോളനിയുണ്ടോ ?

മിസ്റ്റർ ടി. എസ്സ്. നാരായണൻ:— ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ:—അരണാട്ടുകരയിൽ കോളനിയുടെ അടുത്താണ് കൊണ്ടുചെന്നിടുന്നത്. അതുപോലെ ഇതിനടുത്തും പുലയ കോളനിയുണ്ടോ എന്നാണ് ചോദിക്കുന്നത്.

Mr. M. Sivarama Menon:- We ourselves requested the Government to solve this problem For want of funds they were unable to help us. The matter is still under correspondence. If we are satisfied that this method is satisfactory we shall move in the matter first. We ourselves have got several petitions from the inhabitants of this locality that the nuisance should be abated.

Mr. K. M. Ibrahim:— What is the harm in burning it?

Mr. M. Sivarama Menon:—This process is not successful in a country where the monsoon is very heavy.

Mr. P. V. Subramania Ayyar:— The Government will pay particular attention to this matter i.e., the nuisance that is caused

LIBRARY ARCHIVES Kerala Legislative Assembly

by the dumping of nightsoil in Kallur. The reports of the Municipality in this matter are already before the Government and they are under consideration. The only way in which this nuisance can be abated is to convert it into manure and thus avoid its evil effects.

Mr. K. Ayyappan:—What I want to know is whether by the adoption of this new method the people of Kaloor will have to suffer this difficulty further ?

Mr. P. V. Subramania Ayyar:—Only as much as the residents of the town.

മിസ്റ്റർ എ. നാരായണമേനോൻ:— ഉദ്യോഗസ്ഥഭാഗത്തുനിന്നും, എറണാകുളം മുനിസിപ്പൽ ചെയർമാന്റെ നിലയ്ക്കു് എറണാകുളം തെക്കെ നിയോജകമണ്ഡലം മെമ്പറിൽനിന്നും ഉണ്ടായ പ്രസംഗങ്ങൾ കേട്ടപ്പോൾ തീച്ചയായും ഇനി അധികകാലം കലൂർക്കാർക്കു സങ്കടം അനുഭവിയ്ക്കേണ്ടിവരുകയില്ലെന്നുള്ള സമാധാനത്തോടും ഗവർമ്മെൻറ് ഈ സംഗതിയിൽ വേണ്ടതുചെയ്യുമെന്നുള്ളവിശ്വാസത്തോടുംകൂടി ഞാൻ ഇതിനെ പിൻവലിക്കുന്നു. അടുത്തുതന്നെ അതിന്റെ ഫലം ഉണ്ടായില്ലെങ്കിൽ തീച്ചയായും ഞാൻ വീണ്ടും ഒരു പ്രമേയം ഈ സഭയിൽ കൊണ്ടുവരുന്നതാണെന്നുംകൂടി ഈ അവസരത്തിൽ അറിയിച്ചുകൊള്ളുന്നു.

Resolution was, with leave, withdrawn.

6. Reduction of School fees.

Mr. P. Raman Menon:— *"Considering the general economic depression all round this Council recommends that the Government be pleased to sanction a 25% reduction in the school fees of all the students in the State for the current year."*

സർ, സ്കൂൾഫീസിൽ നാലിക്ക് ഇരുപത്തഞ്ചു ശതമാനം വീതമുള്ള ഒരു കിഴിവു വരുംകൊല്ലത്തിൽ ചെയ്തുകിട്ടിയാൽകൊള്ളാമെന്നാണ് ഈ പ്രമേയത്തിൽ അഭ്യർത്ഥിച്ചിരിക്കുന്നതു്. സ്കൂൾവിദ്യാഭ്യാസം പലതരത്തിലും അധികച്ചിലവുള്ള ഒന്നായിത്തീർന്നിട്ടുണ്ടെന്നും അതിന്റെ ഫലമായി സിദ്ധിക്കുന്ന വിദ്യാഭ്യാസംകൊണ്ടുള്ള ഫലവും ഗുണവും ചിലവിന്റെ ഇൻവേർസ് റേഷ്യോ പ്രകാരം വളരെ കുറഞ്ഞു കുറഞ്ഞാണു വരുന്നതെന്നും ഇതിനുമുമ്പു് ഇവിടെ ഉണ്ടായിട്ടുള്ള വാദപ്രതിവാദങ്ങളിൽനിന്നും സ്പഷ്ടമായിട്ടുണ്ടു്. സാമ്പത്തികാധഃപതനം ഇപ്പോഴും ഉണ്ടെന്നും, അതിൽപെട്ടാണ് ആളുകൾ വലയുന്നതെന്നും ആർക്കും അറിയാം. ഇതിനുമുമ്പും ഇവിടെ പ്രസ്താവിച്ചിട്ടുള്ളതു് ഒരു വീട്ടിലെ പ്രധാനചിലവു് സ്കൂൾഫീസാണെന്നാണ്. അതുകൊണ്ടു ബാക്കിയുള്ള കായ്ങ്ങളോടൊപ്പം ഈ സംഗ

LIBRARY ARCHIVES Kerala Legislative Assembly